എ കെ കെ ആർ എച്ച് എസ് ഫോർ ബോയ്സ്

ചേലന്നൂർ



# വിരൽകൊണ്ടു തൊട്ടപ്പോൾ

ഡിജിറ്റൽ മാഗസിൻ

# ആമുഖം

വിദ്യാഭ്യാസരംഗത്ത് മാത്രമല്ല ജീവിതത്തിലും ഇന്ന് ഇൻഫർമേഷൻ ടെക്നോളജി ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. വിവരവിനിമയ സാങ്കേതിക വിദ്യ ഇന്ന് അത്രത്തോളം വളർന്നുകഴിഞ്ഞു .സാങ്കേതിക വിദ്യയോടുള്ള പുതു തല-മുറയുടെ ആഭിമുഖ്യം സർഗാത്മകമായും ഗുണപരമായും പ്രയോജന പ്പെടുത്തു ന്നതിന് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ വളരെയേറെ സഹായിക്കുന്നു. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനും ആകർഷകമാക്കാനും ഇതുപോലുള്ള പ്രവർത്തനങ്ങൾ സഹായിക്കുന്നു .ലിറ്റിൽ കൈറ്റ്സിൽ അംഗ മായ വിദ്യാർത്ഥിക്ക്  വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്നു. മാഗസിൻ പോലുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് വളരെയേറെ താല്പര്യ മുള്ളതും ധാരാളം പ്രായോഗികമായ അറിവുകൾ നല്കുന്നതുമാണ്. ഇത്തരം പരിശ്രമത്തിന്റെ ഉൽപ്പന്നമായ 'വിരൽ കൊണ്ട് തൊട്ടപ്പോൾ 'എന്ന ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കുമായി സമർപ്പിക്കുന്നു.

# പത്രാധിപസമിതി

എഡിറ്റർ :അശ്വിൻ പ്രസാദ്   9 B

എഡിറ്റോറിയൽ സഹായികൾ

ആദർശ് ശിവ

നികേത്

ഹംറാസ് യഹിയ

നവീൻ കെ.എം

അൻഷിൽ റഹ്മാൻ

ഉപദേശക സമിതി

മുരളീധരൻ. ടീ.പി.

വിനിതകുമാരി.എം.

# സന്ദേശം

എ കെ കെ ആർ ഹൈസ്കൂൾ ഫോർ ബോയ്സ് ലിറ്റിൽ കൈറ്റ് യൂണിറ്റ് ഒരു ഡിജിറ്റൽമാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. സ്കൂൾ പഠനകാലത്തുതന്നെ വിദ്യാർത്ഥികളെ സാങ്കേതികവിദ്യയിൽ സമർത്ഥരാക്കുന്നതിന് ആവശ്യമായ ഹാർഡ് വെയർ സോഫ്റ്റ്വെയർ പരിശീലനത്തോടൊപ്പം ദൃശ്യമാധ്യമരംഗത്തും പരിശീലനം ഇപ്പോൾ നൽകുന്നുണ്ട് .കുട്ടികളും ഈ മേഖലകളിൽ ഉന്നതരായിതീരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു .ഡിജിറ്റൽ മാഗസിന്റെ അണിയറ പ്രവർത്തകർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു

**എന്ന് :സ്നേഹപൂർവ്വം ബാബുരാജൻ മാസ്റ്റർ**

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| ഞങ്ങളുടെ സ്കൂൾ- അല്പം ചരിത്രം | 1 |
| 2018-2019 - മികവിന്റെ വർഷം | 2 |
| വിശ്വമഹാകവി കാളിദാസൻ | 13 |
| ഗുരുസ്മരണ | 15 |
| പുത്തൻ കേരളം | 17 |
| വൈക്കം മുഹമ്മദ് ബഷീർ | 19 |
| ആ ഭീകരമായ ശബ്ദം | 21 |
| നവകേരളം | 23 |
| റിച്ചാർഡ് മാത്യു സ്റ്റാൾമാൻ കേരളത്തിൽ | 25 |
| കാർഷിക പഴഞ്ചൊല്ലുകൾ | 27 |
| നവകേരളത്തിനായ് | 29 |
| കൈകോർക്കാം | 31 |
| മഹാത്മാഗാന്ധി | 33 |
| ചിലരചനകൾ | 35 |
| ശ്രീനിവാസ രാമാനുജൻ | 36 |
| ലീലാവതി | 37 |
| സ്വർഗച്ചേലിൽ എന്റെ കൊച്ചു ഗ്രാമം | 39 |
| കൈറ്റ് അംഗങ്ങളുടെ വർണ്ണങ്ങൾ | 41 |

## ഞങ്ങളുടെ സ്കൂൾ- അല്പം ചരിത്രം

1957 ജൂൺ 3 ന് ആണ് എകെ കെ ആർ ഹൈസ്കൂൾ ആരംഭിച്ചത്. ശ്രീ.എ.കെ അപ്പുമാസ്റ്റർ (മുൻ എം എൽ എ) ആയിരുന്ന ആദ്യകാല മാനേജർ. തച്ചനാട്ട് തറവാട്ടിൽ നിന്നുംസൗജന്യമായിലഭിച്ച ആറേക്കർ പതിനാല് സെന്റ് സ്ഥലത്താണ് സ്കൂൾ ആരംഭിച്ചത്. ബാലുശ്ശേരി -കോഴിക്കോട് സംസ്ഥാന പാതയ്ക്ക് സമീപം അമ്പലത്തുകുളങ്ങരയ്ക്കടുത്തുള്ള മനോഹരമായ തച്ചൻ കുന്നിലാണ് ഞങ്ങളുടെ സ്കൂൾ സ്ഥിതിചെയ്യുന്നത്.സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.എ കെ ലോഹിതാക്ഷൻ മാസ്റ്ററായിരുന്നു. 1981 ൽ ഈസ്കൂൾ ബോയ്സ് ഹൈസ്കൂളും ഗേൾസ് ഹൈസ്കൂളുമായിവിഭജിച്ചു.ഇപ്പോൾ ഞങ്ങളുടെ ഹെഡ്മാസ്റ്റർ ശ്രീ.കെ.ബാബുരാജൻ മാസ്റ്ററാണ്.കഴിഞ്ഞ ഏതാനും വർഷങ്ങളായി SSLC പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിവരുന്നു.കലാകായിക രംഗങ്ങളിലും ഞങ്ങളുടെ സ്കൂൾ മുന്നിട്ടു നിൽക്കുന്നു.

**പത്രാധിപസമിതി**

എ.കെ.ആർ.എച്ച്.എസ്.ഫോർ.ബോയ്സ്,ചേളന്നൂർ

# 2018-2019 - മികവിന്റെ വർഷം



"ശ്രദ്ധ " ചേളന്നൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടി.വത്സല ഉദ്ഘാടനം ചെയ്യുന്നു

## 'മലയാളത്തിളക്കം' - പ്രഖ്യാപനം




'മലയാളത്തിളക്കം' - പ്രഖ്യാപനം BRC കോ-ഓഡിനേറ്റർ ശ്രീ.രാമചന്ദ്രൻ നിർവ്വഹിക്കുന്നു.

## ശില്പത്തിനരികിൽ



പ്രവൃത്തി പരിചയ മേളയിൽ സംസ്ഥാന തലത്തിൽ മികച്ച വിജയം നേടിയ നവീൻ കെ. (9.B) തന്റെ ശില്പത്തിനരികിൽ

## ഉയരങ്ങളിലേയ്ക്ക്



ഹൈജംബിൽ  സംസ്ഥാനതലത്തിൽ മികച്ച പ്രകടനം നടത്തിയ അദ്വൈത് കൃഷ്ണ.എം.

## ശില്പശാല



പാഴ്‌വസ്തുക്കളിൽ നിന്ന് കരകൗശലവസ്തുക്കൾ

## സ്കൂൾ കലോൽസവത്തിൽ നിന്ന്



സബ് ജില്ലാ യുവജനോൽസവത്തിൽ അവതരിപ്പിച്ച ' ചൂട്ട് 'എന്ന നാടകത്തിൽ നിന്ന്

## മികച്ച നടൻ



സബ്ജില്ലാ നാടകമത്സരത്തിൽ മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ട കുഞ്ഞൻ ചേളന്നൂരിന്റെ മകൻ ശ്രീ.ദേവപ്രയാഗ്. (8.C)

## ലയൺസ്ക്ലബ്ബിന്റെ ഉപഹാരം



ക്ലാസ്സ്  ലൈബ്രറിയിലേയ്ക്ക് കോഴിക്കോട് ലയൺസ്ക്ലബ്ബ് നൽകിയ പുസ്തകങ്ങൾ ഹെഡ്മാസ്റ്റർ ഏറ്റുവാങ്ങുന്നു.

## ക്ലാസ്സ് ലൈബ്രറി ഉദ്ഘാടനം



ക്ലാസ്സ് ലൈബ്രറി ഉദ്ഘാടനം ബഹു: ചേളന്നൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ടി. വത്സല നിർവ്വഹിക്കുന്നു.

## ഗണിത ശാസ്ത്രശില്പശാലയിൽ നിന്ന്



സ്കൂളിൽ നടത്തിയ ഗണിത ശാസ്ത്ര ശില്പശാലയിൽ നിന്ന്

## ശ്രദ്ധ




സ്കൂളിൽ നടക്കുന്ന ശ്രദ്ധ പരിപാടിയിൽ നിന്ന്

## വിശ്വമഹാകവി കാളിദാസൻ

ഇന്ത്യയിലെ ഏറ്റവും വലിയ പർവ്വതം ഹിമാലയമാണ് എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അതുപോലെ ഇന്ത്യയിലെ ഏറ്റവും മഹാനായ കവി കാളിദാസൻ ആണ് എന്നത്എതിരഭിപ്രായം ഇല്ലാത്ത വസ്തുതയാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്ന കാളിദാസ കവിയുടെ രചനകൾ ലോകത്തിൽ ചർച്ച ചെയ്യപ്പെടുകയും നിരവധി രചനകൾക്ക്



അടിസ്ഥാനമാകുകയും ചെയ്തു എന്നത് ഈ കവിയുടെ മഹത്വത്തിന് ഉദാഹരണമാണ് .കാളിദാസൻ വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു എന്നാണ് പ്രസിദ്ധി അദ്ദേഹത്തെക്കുറിച്ചുള്ള ധാരാളം കഥകൾ ഭാരതത്തിൽ പ്രചരിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ കീർത്തി നിലനിൽക്കുന്നത് മേഘസന്ദേശം, ഋതുസംഹാരം, മാളവികാഗ്നിമിത്രം, കുമാരസംഭവം, അഭിജ്ഞാനശാകുന്തളം, വിക്രമോർവശീയം എന്നീ കൃതികളിലൂടെയാണ്.  അദ്വിതീയമായ രൂപഭംഗിയും അന്യാദൃശമായ ആശയസൗഷ്ഠവും കൊണ്ട് സമ്പന്നമാണ് അദ്ദേഹത്തിൻറെ കൃതികൾ ഓരോന്നും. ആറു സർഗങ്ങളുള്ള ചെറു കാവ്യമാണ് ഋതുസംഹാരം . കവിയുടെപ്രകൃതിസ്നേഹവുംസൂക്ഷ്മനിരീക്ഷണശക്തിയുംഅതിൽനിഴലിച്ച്കാണുന്നു. ചെറുതെങ്കിലും കാവ്യഗുണം തികഞ്ഞ സന്ദേശ കാവ്യമായി കാളിദാസന്റെ മേഘസന്ദേശം ഇപ്പോഴും നിലനിൽക്കുന്നുണ്ട് .ഈ ചെറു കാവ്യത്തിന് ലഭിച്ചത്ര അഭിനന്ദനം കാളിദാസന്റെ എന്നല്ല മറ്റൊരു

കവിയുടെയും മറ്റൊരു രചനയും ലഭിച്ചിട്ടില്ല. പാർവതീപരമേശ്വരന്മാരുടെ പ്രണയം പശ്ചാത്തല- മാക്കി രചിച്ച കൃതിയാണ് കുമാരസംഭവം. കാളിദാസ കൃതികളിൽ ഏറ്റവും മികച്ച അഴകുള്ളത് കുമാരസംഭവത്തിനാണ്. സ്നേഹം കേവലം പഞ്ചേന്ദ്രീയ പരമല്ല, ഭോഗത്തിലല്ല ത്യാഗത്തിൽ ആണ് സ്നേഹത്തിൻറെ പരിപൂർണ്ണത എന്നും കാളിദാസൻ വിശ്വസിച്ചു. കാളിദാസന്റെ സുപ്രസിദ്ധമായ അഭിജ്ഞാനശാകുന്തളത്തിലും ഈ തത്വമാണ് മഹാകവി ആവിഷ്കരിക്കുന്നത് എന്ന് പറയാം. കാടും നഗരവും പുഴയും മലയും സമുദ്രവും എല്ലാം പ്രകൃതിയുടെ  അവസ്ഥാവിശേഷം ആകുന്നു. രഘുവംശത്തിൽ ഇവ കവിഭാവനയ്ക്കു വിഷയ- മാകുന്നു. മാളവികാഗ്നിമിത്രം, വിക്രമോർവശീയം എന്നീ നാടകങ്ങളിൽ കാളിദാസൻ തികച്ചും മനുഷ്യകഥാനുഗായി ആകുന്നു. കാളിദാസൻെ ശാകുന്തളത്തിന് പകരംവയ്ക്കാൻ മറ്റൊരു കൃതി ഇല്ല എന്ന്  നിസ്സംശയം പറയാം. ഇങ്ങനെ കാളിദാസ കൃതികളിലൂടെ സഞ്ചരിക്കുന്ന ഏതൊരാൾക്കും ഈ വിശ്വമഹാകവിയുടെ മഹത്വം ഹിമാലയത്തിനു സമമാണ് എന്ന് വ്യക്തമാക്കാൻകഴിയും

വൈഷ്ണവ്.പി ,പത്ത്.എ

## ഗുരുസ്മരണ



തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ1856 സെപ്റ്റംബർ ആറിന് ശ്രീനാരായണ ഗുരു ജനിച്ചു .ഗുരുദേവൻ നാണു എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ചെറു പ്രായത്തിൽ വിവാഹം കഴിക്കേണ്ടിവന്നെങ്കിലും പിന്നീട് എല്ലാം ഉപേക്ഷിച്ച് സന്ന്യാസത്തിനിറങ്ങി. 1903 ൽ ശ്രീനാരായണ ധർമ്മപരിപാലനയോഗം സ്ഥാപിച്ചു .തീണ്ടൽ തൊടീൽ വർണ്ണവിവേചനം തുടങ്ങിയ സാമൂഹിക അസമത്വങ്ങളുടെയും ദുരാചാരങ്ങളുടെയും വിളനില മായിരുന്ന കേരളത്തിലുടനീളം ഒരു സന്യാസിയായി സഞ്ചരിച്ച് സാമൂഹിക സമത്വത്തിനുള്ള അവകാശത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി. ജാതിമതഭേദമന്യേ എല്ലാവർക്കും പ്രവേശിക്കാവുന്ന ധാരാളം ക്ഷേത്രങ്ങൾ അദ്ദേഹം സ്ഥാപിച്ചു.1912-ൽ നടത്തിയ വർക്കല ശിവഗിരി പ്രതിഷ്ഠകൾ , 1923 ൽ ആലുവയിൽ വെച്ച് നടത്തപ്പെട്ട സർവ്വമത സമ്മേളനം തുടങ്ങിയവ ശ്രീനാരായണഗുരുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളാണ് കേരളത്തിൽ ജീവിച്ചിരുന്ന സാമൂഹിക പരിഷ്കർത്താവും നവോത്ഥാന നായകനുമായിരുന്നു ശ്രീനാരായണഗുരു. ഈഴവ സമുദായത്തിൽ ജനിച്ച അദ്ദേഹം സവർണ്ണമേധാവിത്വത്തിനും സമൂഹ തിന്മകൾക്കും എതിരെ കേരളത്തിലെ താഴ്ന്ന ജാതിക്കാർക്ക് പുതിയമുഖം നൽകി .ബ്രാഹ്മണരേയും മറ്റു സവർണഹിന്ദുക്കളെയും കുറ്റപ്പെടുത്തുന്നതിനു പകരം ഗുരു വിദ്യാലയങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ച് അവർണ്ണരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചു

മറ്റുള്ളവരോടുള്ള തുറന്ന സമീപനവും അഹിംസാപരമായ തത്ത്വചിന്തയും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു .സമൂഹ്യ തിന്മകൾക്കെതി- രെയുള്ള പോരാട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം .ഈഴവർ പോലുള്ള അവർണ്ണരുടെ ആചാര്യനായി കരുതപ്പെട്ടിരുന്നെങ്കിലും അദ്ദേഹം ലോകജനതക്കു തന്നെ മാർഗ്ഗദർശകങ്ങളായ പ്രബോധനങ്ങൾ കൊണ്ട് ലോകം മുഴുവനും ആരാധ്യനായിത്തീർന്ന വ്യക്തിത്വമാണ്.ഒരു ജാതി ഒരുമതം ഒരു ദൈവം ഇതാണ് അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും

കാർത്തിക്ക്. കെ സി

X.A

# പുത്തൻ കേരളം

കേരളം കേരളം നല്ലൊരു കേരളം
പുത്തൻ തലമുറയ്ക്കുള്ളൊരു കേരളം
വിത്തു നടുവിൻ ; പുതുതലമുറയ്ക്കായി
ഒത്തൊരുമയോടെ ഒത്തുകൂടുവിൻ

കേരം തിങ്ങും കേരളമെന്നാൽ
ദൈവത്തിന്റെ സ്വന്തം നാട്
എന്നറിവുള്ളവർ ചൊല്ലും നാട്
പച്ച പിടിച്ചു കിടക്കും നാട്

കൗതുകം ഉയരും നമ്മുടെ നാട്
പ്രകൃതീദേവിതൻ സ്വന്തം നാട്
പൂക്കളുമുണ്ട് ശലഭങ്ങളുമുണ്ട്
കൂട്ടുകൂടാൻ ചങ്ങാതിയുമുണ്ട്

വികസനമേറും നല്ലൊരു നാട്
പ്രകൃതി  ഭംഗി നിറഞ്ഞ നാട്
അരുവികളും പുഴകളുമൊഴുകുംനാട്
 പൂന്തേനൊഴുകും നമ്മുടെ നാട്

ഹിന്ദു-മുസ്‌ലിം ക്രിസ്ത്യാനിയും
ഒത്തൊരുമിച്ചൊരു നല്ലൊരു നാട്
പൊതുവിദ്യാഭ്യാസം മുൻനിരയിൽ
മാറ്റുകൂട്ടും നമ്മുടെ നാട്

പൂരം നിറയും പൊന്മണിനാട്
വഞ്ചിപ്പാട്ടുകൾ മൂളും നാട്
ഓണസദ്യയൊരുക്കും നാട്
നമ്മുടെ കേരളം നല്ലൊരു നാട്

ഹംദ്രാസ് യഹിയ.

ഒമ്പത്.ബി

# വൈക്കം മുഹമ്മദ് ബഷീർ



വൈക്കം മുഹമ്മദ് ബഷീർ 1910 ജനവരി 21 ന് വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ചു നാട്ടിൽ നാലാം ക്ലാസ് വരെ പഠിച്ചു പിന്നീട് വൈക്കത്തെ ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു സ്കൂൾ വിദ്യാഭ്യാസകാലത്ത് ബഷീർ അറബിയും പഠിച്ചിരുന്നു.

വൈക്കം സത്യാഗ്രഹകാലത്ത് ഗാന്ധിജിയെ കാണുകയും പിന്നീട് ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും തുടർന്ന് തടവിലാകുകയും ചെയ്തു . ജയിൽ മോചിതനായ ഇദ്ദേഹം ഭാരതത്തിൽ ഉടനീളം യാത്ര ചെയ്തു കൈനോട്ടം മുഖലക്ഷണം പറയൽ ബീഡിത്തൊഴിലാളികളെ ഇംഗ്ലീഷ് പഠിപ്പിക്കൽ തുടങ്ങി വിത്യസ്തമായ ജോലികൾ ചെയ്തു അങ്ങനെ ഒരു ദശാബ്ദക്കാലത്തെ അലച്ചിലിനുശേഷം വൈക്കത്ത് തിരിച്ചെത്തി കഥകൾ

എഴുതാൻ ആരംഭിച്ചു. കഥാകൃത്ത് നോവലിസ്റ്റ് എന്നീ നിലകളിൽ ബഷീറിന്റെ ഒപ്പം നിൽക്കാൻ പറ്റുന്ന വരുടെ എണ്ണം വളരെ കുറവാണ് ബാല്യകാലസഖി

പാത്തുമ്മയുടെ ആട് മതിലുകൾ ശബ്ദങ്ങൾ തുടങ്ങിയ നോവലുകൾ മലയാളത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടവയാണ് തീക്ഷ്ണമായ ഇദ്ദേഹത്തിന്റെ രചനകൾ പല ഭാഷകളിലേക്കും മാറ്റിയിട്ടുണ്ട് ഇംഗ്ലീഷ് ഫ്രഞ്ച് ജർമ്മൻ തുടങ്ങിയ പാശ്ചാത്യ ഭാഷകളിലേക്കും ബഷീറിന്റെ പലകഥകളും മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട് കേരള സാഹിത്യ അക്കാദമി കേന്ദ്രസാഹിത്യഅക്കാദമി പുരസ്കാരങ്ങളും ഫെല്ലോഷിപ്പുകളും ലഭിച്ചു 1994 ജൂലായ് അഞ്ചിന് ഈ പ്രതിഭ ലോകത്തോട് വിടപറഞ്ഞു

അശ്വിൻ പ്രസാദ്

ഒമ്പത് .ബി.

# ആ ഭീകരമായ ശബ്ദം

ഇന്നും പതിവുപോലെ മോളികുട്ടിയും കുടുംബവും ഉറങ്ങി .ഭൂമി ജനങ്ങളെ താരാട്ടു പാടിയുറക്കി. പിറ്റേന്ന് രാവിലെ ഒരു കരച്ചിൽ കേട്ടാണ് അയൽവാസിയായിരുന്ന തോമസ്സേട്ടൻ എഴുന്നേറ്റത്. അത് മോളി ക്കുട്ടിയുടെ വീട്ടിൽ നിന്നാണ് ആ കരച്ചിൽ കേട്ടത്. മോളിക്കുട്ടി എഴുന്നേറ്റപ്പോഴേക്കും അവളുടെ വീട് പൊട്ടിപ്പൊളിഞ്ഞു മണ്ണു പോലെയായിത്തീർന്നിരുന്നു. അവൾ നോക്കുമ്പോൾ അവളുടെ അമ്മയും അച്ഛനും വെള്ളപ്പാച്ചിലിൽ ഒലിച്ചുപോയിരുന്നു . അവളുടെ വീട് മാത്രമല്ല ആ പ്രദേശത്തുള്ള എല്ലാ വീടുകളും നശിച്ചിരുന്നു .പിന്നെയാണ് ആ ഗ്രാമം അറിഞ്ഞത് അതൊരു പ്രളയമാണെന്ന്. അങ്ങനെ കുറെ പ്രവർത്തകർ വന്നു. അതാ ഗ്രാമത്തിലെ ജനങ്ങൾ വോട്ട് ചെയ്ത് വിജയിപ്പിച്ച പാർട്ടി പ്രവർത്തകർ മാത്രമായിരുന്നു. അവർ ഗ്രാമത്തിലെ ജനങ്ങളെ ഒരു സ്കൂളിലേക്ക് മാറ്റി താമസിപ്പിച്ചു. പിന്നീട് എല്ലാ മതക്കാരും, വലിയവനും ചെറിയവനും വന്ന് ഇവരെ സഹായിച്ചു .ഇവർക്കുവേണ്ട ഭക്ഷണം വസ്ത്രം മാത്രമല്ല ഒട്ടനേകം വസ്തുക്കൾ ഇവർ ജനങ്ങൾക്ക് നൽകി ജനങ്ങൾ ഒരുമിച്ച് ഭക്ഷണം കഴിച്ചു ഒത്തൊരുമഎന്താണെന്ന് ലോകത്തിന് കാണിച്ചുകൊടുത്തു. ശ്രീനാരായണഗുരു പറഞ്ഞ വാചകം ഒരു മതം ഒരു ദൈവം ഒരു ജാതി മനുഷ്യന് എന്ന പ്രശസ്തമായ വാചകത്തിന്റെ മഹത്വം ഇപ്പോഴാണ് എല്ലാവർക്കും മനസ്സിലായത്.

ഈ പ്രളയത്തിൽ മോളിക്കുട്ടിയും മാതാപിതാക്കളും മാത്രമല്ല ഒട്ടനേകം മനുഷ്യരും അവരുടെ കുടുംബ വുമാണ് ആപത്തിൽപ്പെട്ടത്. ഇതാണ് കേരളത്തിൽ നടന്ന ഏറ്റവും വലിയ ദുരന്തം . അനേകം വലിയ വലിയ കമ്പനികളും രാജ്യങ്ങളും വലിയ പണക്കാരും ഇതിനായി അവരുടെ സമയം മാറ്റിവെക്കുകയും പണം നൽകി സഹായിക്കുകയും ചെയ്തു. ഇപ്പോൾ കേരളം അതിൻറെ പൂർവസ്ഥിതി പ്രാപിച്ചിട്ടില്ല. മോളിക്കുട്ടി നല്ലൊരു ജീവിതവും പുതിയൊരു കേരളവും സ്വപ്നം കാണുകയാണ്.

അബ്ദുൾ ജിയാദ്

പത്ത്.എ

# നവകേരളം

വലിയൊരു പ്രളയത്തിനുശേഷം നമ്മുടെ കേരളം പൂർവ്വസ്ഥിതിയിലേക്ക് പച്ചപിടിച്ചു വരികയാണ്. വലിയ ദുരന്തമാണ് കേരളത്തിലെ എല്ലാവരും കൂടി ഒന്നിച്ച് കൈകോർത്ത് നേരിട്ടത് .1924-ലാണ് ഇതുപോലൊരു പ്രളയം കേരളം ഇതിനുമുമ്പ് നേരിട്ടത് .പ്രളയത്തിൽ ഒരുപാട് ജനങ്ങളെ നമുക്ക് നഷ്ടമായി. അറിയുന്നവരെ,അറിയാത്തവരെ, കാണുന്നവരെ, കാണാത്തവരെ അടുത്ത കൂട്ടുകാരെ, ബന്ധുമിത്രാദികളെ, ഒരുപാടുപേരെ നമുക്ക് നഷ്ടമായി. സ്വപ്നഭവനങ്ങൾ നഷ്ടമായി. ഇതെല്ലാം പ്രകൃതിയാണ് നമുക്ക് തന്നത്. പ്രകൃതിയെമിക്കവരും ഇല്ലാതാക്കി ക്കൊണ്ടിരിക്കുകയാണ് അതുകൊണ്ടുതന്നെ പ്രകൃതി നമുക്കുനേരെതിരിഞ്ഞു.അതിന്റെ ഫലമാണീ ദുരന്തങ്ങൾ . അതിനെ നേരിടാനാണ് നമ്മുടെ സർക്കാർ ഒരു പുതിയ പദ്ധതി കൊണ്ടുവന്നിരിക്കുകയാണ് .നവകേരളം എന്ന പേരിലാണ്. അതിനുവേണ്ടി നമുക്ക് ഓരോരുത്തർക്കും കൈകോർക്കാം നവകേരള മിഷന് നമ്മുടെ സർക്കാർ കാണുന്ന പ്രതീക്ഷ വളരെ വലുതാണ് .ഏതാണ്ട് മുപ്പതി

നായിരം കോടിയാണ് വീട് നഷ്ടപ്പെട്ടവർക്ക് വീട് വെക്കാൻ വേണ്ടി സർക്കാർ കാണുന്നത് .നവകേരള മിഷനിൽ സർക്കാർ ലക്ഷ്യമിടുന്നത് പ്രളയത്തെ അതിജീവിക്കാൻ പറ്റുന്ന വീടുകളാണ്. അതുകൊണ്ടുതന്നെ നമ്മളോരോരുത്തരും നമ്മുടെ നാടിനുവേണ്ടി കൈകോർക്കണം. ഈ നവകേരളം എന്നുദ്ദേശിക്കുന്നത് കേരളത്തെ വീണ്ടും പടുത്തുയർത്തുക എന്നതാണ്. അതിനു കഴിയട്ടെ ഇനിയൊരു പ്രളയം വരാതിരിക്കാൻ നമ്മുക്കൊന്നിച്ചുകൈകോർക്കാം.

ദുഹൻ ഇബ്രാഹിം

പത്ത്.എ

# റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ കേരളത്തിൽ

കോഴിക്കോട്: സ്വതന്ത്ര ഓപ്പറേറ്റിങ് സിസ്റ്റം ഉപയോഗിക്കുന്ന ഐടി വിദ്യാർത്ഥികൾക്ക് സുപരിചിതനായ റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ കേരള ത്തിലെത്തി. കോഴിക്കോട്ടുനടന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ പങ്കെടു ക്കാനാണ് സ്വതന്ത്ര സോഫ്റ്റ്വയറിന്റെ ഉപജ്ഞാതാവായ സ്റ്റാൾമാൻ കോഴി ക്കോടെത്തിയത് തമാശകൾ പറഞ്ഞു സമകാലീന രാഷ്ട്രീയം പങ്കുവെച്ചും സ്റ്റാൾമാൻ സദസ്സിനെ കയ്യിലെടുത്തു ഒരിക്കൽ കണ്ടാൽ ആരും ആ രൂപം മറക്കില്ല. ആദ്യകാല കമ്പ്യൂട്ടർ പ്രോഗ്രാമുകൾ മിക്കവയും പകർത്താനും പങ്കുവെക്കാനും അവകാശം ഉള്ളതായിരുന്നു. സോഫ്റ്റ്വെയർ വ്യവസായം വളർന്നതോടെ പഠിക്കാനും പങ്കുവയ്ക്കാനും അനുവദിക്കാത്ത രീതിയിലുള്ള കുത്തക മത്സരങ്ങളും വലർന്നു 1980 ഓടെ സോഫ്റ്റ്വെയറുകൾ കോപ്പിറൈറ് നിയമത്തിൻറെ പരിധിയിൽ ഉൾപ്പെടു ത്തപ്പെട്ടതോടെ മത്സരം തികച്ചും കടുത്തതായി പഠനാവശ്യങ്ങൾക്ക് പോലും ഒരു സോഫ്റ്റ്വെയർ എങ്ങനെ നിർമ്മിക്കപ്പെട്ടു എന്ന് പരിശോധിക്കാൻ സാധിക്കാത്തവിധം പ്രോഗ്രാമുകൾ രഹസ്യ മാക്കപ്പെടുകയും ചെയ്തു ഇത്തരത്തിലുള്ള സോഫ്റ്റ്വെയറുകളെ കുത്തകാവകാശസോഫ്റ്റ്വെയറുകൾ എന്നവിളിക്കാം ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ 1983 ൽ റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ ഗ്നു (GNU) പ്രൊജക്ട് സ്ഥാപിച്ച ആർക്കും പഠിക്കുകയും ആവശ്യങ്ങൾക്കനു സരിച്ച് മാറ്റിയെഴുതുകയും പുനർ വിതരണം നടത്തുകയും ചെയ്യാവുന്ന ഒരു

പുതിയ ഓപ്പറേറ്റിങ് സിസ്റ്റം നിർമ്മിക്കുക എന്നതായിരുന്നു ഗ്നു പ്രോജക്ടിന്റെ

ലക്ഷ്യം. ലോകത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള പ്രോഗ്രാമർമാരാണ്

സന്നദ്ധ പ്രവർത്തനമായി ഈ പ്രോജക്ടിലേക്ക് വേണ്ട മിക്കവാറും എല്ലാ സോഫ്റ്റ്‌വെയറുകളും നിർമ്മിച്ചത് ഗ്നു പ്രോജക്ടിന് അവർ നിർമ്മിക്കാൻ ഉദ്ദേശിച്ച കേർണൽ ഭാഗത്തിന് ഗ്നുഹെർഡ് (gnu Hurd)എന്നാണ് പേരിട്ടത്. 1992 ൽ പ്രോജക്ടിന്റെ ഏറെക്കുറെ മറ്റെല്ലാ ഭാഗങ്ങളും പൂർത്തിയായെങ്കിലും കേർണൽ ഭാഗം പൂർത്തിയായിരുന്നില്ല. ഇതേ സമയത്തുതന്നെ ഫിൻലൻഡിലെ ഹെൽസിങ്കി യൂനിവേഴ്സിറ്റി യിലെ വിദ്യാർത്ഥിയായിരുന്ന ലിനസ് ടോർവാൾഡ്സ് 1991 മുതൽ ല്നക്സ് എന്നപേരിൽ ഒരു ഓപ്പറേറ്റിങ് സിസ്റ്റം കേർണൽ വികസിപ്പിക്കാൻ ആരംഭിച്ചിരുന്നു .1092 ഈ കേർണൽ ഗ്നു വിനോട് ചേർത്ത് ഉപയോഗിക്കാൻ തുടങ്ങി അന്ന് മുതൽ ഇവ രണ്ടും ചേർന്ന ഓപ്പറേറ്റിംഗ് സിസ്റ്റം ഗ്നു ലിനക്സ് എന്നാണ് അറിയപ്പെടുന്നത്.

അദ്വൈത് കൃഷ്ണ.എം.

VIII-B

## കാർഷിക പഴഞ്ചൊല്ലുകൾ

- കതിരിൽ വളം വച്ചീട്ടു കാര്യമില്ല.
- അടുത്തു നട്ടാൽ അഴക്, അകലത്തിൽ നട്ടാൽ വിളവ്
- ഇല്ലം നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ
- എളിയ വരും ഏത്തവാഴയും ചവിട്ടും തോറും തഴയ്ക്കും
- കുംഭത്തിൽ നട്ടാൽ കുടയോളം
- ,മീനത്തിൽ നട്ടാൽ മീൻകണ്ണോളം
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
- കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി
- ഞാറായാൽ ചോറായി
- ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു
- തിന വിതച്ചാൽ തിന കൊയ്യാം ,വിന വിതച്ചാൽ വിനകൊയ്യാം

- തൊഴുതുണ്ണുന്നതിനേക്കാൾ നല്ലത് ഉഴുതുണ്ണുന്നത്
- തുലാപ്പത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കിടക്കാം
- ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിയിറക്കാം

അൻഷിൽ റഹ്മാൻ

IX-B

# നവകേരളത്തിനായ്

ഈ അടുത്തുവന്ന പ്രളയത്തെക്കുറിച്ച് അറിഞ്ഞുകാണുമല്ലോ. ഈ മഹാ പ്രളയത്തിന് ഉത്തരവാദികൾ നമ്മൾ തന്നെയാണ് .നാം പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾക്ക് പ്രകൃതി തിരിച്ചടി നൽകുകയാണ് ചെയ്തത് മരങ്ങൾ വെട്ടിയും വയൽ നികത്തിയും കുറെ ക്രൂരതകൾ  പ്രകൃതിയോട് ചെയ്തിട്ടുണ്ട് ഇതിനൊക്കെ പ്രായശ്ചിത്തം ചെയ്യാൻ നമുക്ക് കഴിയും. തൈകൾ വെച്ച് പിടിപ്പിക്കുകയും പുഴകൾ വൃത്തിയാക്കുകയും പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്തും നമുക്ക് പ്രകൃതിയോട് മാപ്പ് പറയാൻ അവസരമുണ്ട്. പ്രകൃതി നമ്മുടെ അമ്മയെ പ്പോലെയാണ് അവ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ് .വയൽ നിരത്തി അവിടെ വലിയ കെട്ടിടം ഉയർത്തിയത് ഒരു വലിയ തെറ്റാണ്. അവ നമുക്ക് തന്നെ ദോഷം ചെയ്യും വെള്ളം ഒഴുകേണ്ട വഴികളിലെല്ലാം നാം മതില് കെട്ടി  അടച്ചു.പ്രളയം വന്ന കാലത്ത് കേരളം തന്നെ വെള്ളപ്പൊക്കത്തിൽ മുങ്ങിത്താണു.മുഖ്യമന്ത്രിയുടെ രക്ഷാ സേനകൾ കേരളത്തെ ആ വെള്ള ത്തിൽ നിന്നും ഉയർത്തി  .നവകേരള സൃഷ്ടിക്കായി ചെയ്യാൻ നമുക്ക് ഒരുപാട് കാര്യങ്ങളുണ്ട്. തൈകൾ  വെച്ചുപിടിപ്പിക്കുക, വയലുകൾ നികത്താതിരിക്കുക. മരങ്ങൾ മുറിച്ച് മാറ്റാതിരിക്കുക പ്രളയം ഉണ്ടായതല്ല നമ്മൾ പ്രകൃതിയോട് ക്രൂരതകൾ ചെയ്ത് ഉണ്ടാക്കിയതാണ് പ്രകൃതിയുടെ സ്നേഹം പ്രകടിപ്പിച്ചാൽ പ്രകൃതി തിരിച്ച് സ്നേഹം പ്രകടിപ്പിക്കും. പ്രകൃതിക്ക് ദോഷം  ചെയ്യുന്ന

കാര്യങ്ങൾ നാം ഒരിക്കലും ചെയ്യാതിരിക്കുക. കർഷകർക്ക് വിത്ത് വിതരണം ചെയ്യുക എന്ന നല്ല കാര്യം നമുക്ക് ചെയ്യാനാകും. നവകേരളം എന്ന പദ്ധതിയിൽ നമുക്കും കൂടെ നിൽക്കാം .പ്രകൃതിക്ക് ദോഷം ചെയ്യാത്ത കാര്യങ്ങൾ ചെയ്താൽ ഇനിയൊരു പ്രളയം നമുക്ക് ഒഴിവാക്കാം. മുഖ്യമന്ത്രിയുടെയും സർക്കാരിനെയും ഒപ്പം നമുക്ക് മുന്നേറാം

പ്രത്യുഷ്.സി.എം

ആറ്.ബി.

# കൈകോർക്കാം

കൈകോർക്കാം നമുക്ക് കൈകോർക്കാം

മലയാള മണ്ണിനായി കൈകോർക്കാം

പ്രളയം വന്നു കേരളം തകർന്നു

മലയാള മനസ്സിൻ തകർച്ചയായി

ജീവൻ രക്ഷിക്കാനായി വന്ന അവതാരമായി

കടലിൻ മക്കളായ പൊൻ ദൈവങ്ങൾ

കൈകോർക്കാം നമുക്ക് കൈകോർക്കാം

മലയാള മണ്ണിനായി കൈകോർക്കാം

നിലം ഇരിപ്പുണ്ട് മനുഷ്യൻ ഇരിപ്പുണ്ട്

കേരള മണ്ണിൽ തുണയായി ത്തീരാൻ

പുതിയൊരു കേരളം പുതിയൊരു മലയാളം

പുതിയൊരു മലയാള മണ്ണായി ത്തീരാൻ

കാറ്റുണ്ട് മഴയുണ്ട് മഞ്ഞുണ്ട് വെയിലുണ്ട്

കേരള മണ്ണിൽ തിളക്കമേറ്റാൻ

കൈകോർക്കാം നമുക്ക് കൈകോർക്കാം

മലയാള മണ്ണിനായി കൈകോർക്കാം

ജീവന്റെ രക്ഷയ്ക്കായി പ്രകൃതി ഉണ്ട്

പ്രകൃതിതൻ മക്കളായ മരങ്ങളുണ്ട്

ജാതി ഇല്ലാതെ മതമില്ലാതെ

മനുഷ്യരെല്ലാരുമൊന്നുപോലെ

കൈകോർക്കാം നമുക്ക് കൈകോർക്കാം

കേരള മണ്ണിനായി കൈകോർക്കാം

അഭിനന്ദ്.കെ

പത്ത്.എ

# മഹാത്മാഗാന്ധി

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെനായകനായിരുന്ന ഗാന്ധിജി 1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. കരംചന്ദ് ഗാന്ധിയുടെയും പുത്തലി ബായിയുടേയും മൂന്ന് പുത്രന്മാരിൽ ഇളയവൻ ആയിട്ടാണ് ഗാന്ധിജി ജനിച്ചത് .പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പതിമൂന്നാം വയസ്സിൽ അദ്ദേഹം കസ്തൂർബയെ വിവാഹം കഴിച്ചു. ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം നിയമം പഠിക്കാനായി ഗാന്ധിജി ഇംഗ്ലണ്ടിലേക്ക് പോയി. മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്ന് ആയിരുന്നു അദ്ദേഹത്തിന്റെ പൂർണ്ണമായ പേര് 1981-ൽ  അദ്ദേഹം നിയമപഠനം പൂർത്തിയാക്കി ഇന്ത്യയിൽ തിരിച്ചെത്തി. കോടതിയിൽ വക്കീൽ പണിയിൽ ഏർപ്പെട്ടു. പിന്നീട് ഒരു കേസുമായി ബന്ധപ്പെട്ട് ഗാന്ധിജി ദക്ഷിണാഫ്രിക്കയിലേക്കു പോയി ഏഷ്യൻ വംശജർ നേരിടുന്ന അനീതി അദ്ദേഹം മനസ്സിലാക്കി ഇത് അദ്ദേഹത്തിൻറെ രാഷ്ട്രീയ ജീവിതത്തിന് തുടക്കമിട്ടു .ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം സ്വാതന്ത്ര്യസമര നേതൃത്വം ഏറ്റെടുത്തു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കാനായി അദ്ദേഹം നിരവധി സമരപരിപാടികൾക്ക്  തുടക്കമിട്ടു .നിസ്സഹകരണ പ്രസ്ഥാനം വിദേശ വസ്ത്ര ബഹിഷ്കരണം ക്വിറ്റിന്ത്യാ സമരം നിയമലംഘന പ്രസ്ഥാനം ഉപ്പുസത്യാഗ്രഹം ഇവ അവയിൽ ചിലതാണ് . ഗാന്ധിജി പ്രസിദ്ധമായ ദണ്ഡിയാത്ര നടത്തി.

സമൂഹത്തിലെ താഴെത്തട്ടിലുള്ളവരെ ഉയർത്തിക്കൊണ്ടുവരാൻ ഗാന്ധിജി അഹോരാത്രം പ്രയത്നിച്ചു. സാമുദായിക ഐക്യത്തിന് ഗാന്ധിജി പരമപ്രധാനമായ സ്ഥാനം നൽകി.എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പറയാൻ ധൈര്യം കാട്ടിയ ഏക വ്യക്തിയാണ് ഗാന്ധിജി .എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ ഗാന്ധിജിയുടെ ആത്മകഥയാണ് .1948 ജനുവരി 30-ന് വെള്ളിയാഴ്ച വൈകുന്നേരം ഡൽഹിയിലെ ബിർളാ മന്ദിരത്തിൽ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുക്കവേ നാഥുറാം ഗോഡ്സേ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് ഗാന്ധിജി മരണത്തിലേക്ക് യാത്രയായി. ജനുവരി 31-ന് ഭൗതിക ശരീരം രാജ്ഘട്ടിൽ സംസ്കരിച്ചു .സത്യത്തെയും അഹിംസയെയും മുറുകെപിടിച്ച ആ മഹാത്മാവിന്റെ ജന്മദിനം ലോക അഹിംസാദിനമായി ആചരിക്കുന്നു

ആദർശ് ശിവ

IX-B

## ചിലരചനകൾ



## ശ്രീനിവാസ രാമാനുജൻ

ശ്രീനിവാസ രാമാനുജൻ 1887 ഡിസംബർ 22 ന് "ഈറോഡ്" എന്ന സ്ഥലത്ത് ജനിച്ചു. അദ്ദേഹത്തിൻറെ പ്രധാന സംഭാവനകൾ ധാരാളം ജോഡി സുഹൃദ് സംഖ്യകൾ കണ്ടെത്തിഎന്നതാണ്. 2 നിശ്ചിത സംഖ്യകൾ ക്കിടയിൽ എത്ര അഭാജ്യ സംഖ്യകൾ ഉണ്ട് എന്ന് കണ്ടുപിടിക്കാൻ രാമാനുജൻ ഒരു സൂത്രവാക്യം ആവിഷ്കരിച്ചു . രാമാനുജനെ ആകർഷിച്ച മറ്റൊരു മേഖല മാന്ത്രികചതുരം ആയിരുന്നു. ഒരു വൃത്തത്തിന് തുല്യ വിസ്തീർണ്ണമുള്ള സമചതുരം നിർമ്മിക്കുന്നതിനുള്ള ഒരു രീതി അദ്ദേഹം ആവിഷ്കരിച്ചു. ഇത് പൂർണ്ണമായും ശരിയല്ലെങ്കിൽ 140000 ചതുരശ്രമൈൽ ന് സുമാർ ഒരു ചതുരശ്ര ഇഞ്ച് വ്യത്യാസം മാത്രമേ കാണിക്കുന്നുള്ളൂ എന്നത് ഇതിന്റെ സൂക്ഷ്മത വ്യക്തമാക്കുന്നു രണ്ട് സംഖ്യകളുടെ ക്യൂബുകളുടെ തുകയായി രണ്ട് രീതിയിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യ ആണ് 1729 എന്നദ്ദേഹം കണ്ടെത്തി. $1729 = 12^3 + +1^3 = 10^3 + 9^3$ അതിനാൽ 1729 എന്ന സംഖ്യ രാമാനുജൻ സംഖ്യ എന്നപേരിൽ അറിയപ്പെടുന്നു. സ്വർഗ്ഗത്തിന്റെ സമ്മാനം എന്നാണ് ഇദ്ദേഹം ഗണിതശാസ്ത്ര ലോകത്ത് അറിയപ്പെട്ടിരുന്നത്

നികേത്,എം. IX-B

## ലീലാവതി

ഭാസ്കരാചാര്യന്റെ ഗണിതശാസ്ത്ര ഗ്രന്ഥമാണ് ലീലാവതി .അതേക്കുറിച്ച് കേട്ടിട്ടില്ലേ?ഗണിത പ്രമേയങ്ങളും അവയെ ഉദാഹരിക്കുന്ന പ്രശ്നങ്ങളുമാണ് ലീലാവതിയിൽ മുഖ്യമായുള്ളത് .കവികൂടിയായ ആചാര്യൻ പദത്തിലാണ് ഗണിത ശാസ്ത്രം കൈകാര്യം ചെയ്യുന്നത്. അങ്കഗണിതം പ്രതിപാദിക്കുന്ന ഭാഗത്തിന് ലീലാവതി എന്ന പേര് എങ്ങനെ വന്നുഎന്നതിനെപ്പറ്റി ഒരു കഥ തലമുറകൾ ആയി പറഞ്ഞുവരുന്നു. ഭാസ്കരാചാര്യരുടെ മകളായിരുന്നു ലീലാവതി .ജാതകത്തിൽ നിന്നു മകൾ വിധവയാകും എന്ന് ജ്യോതിഷക്കാരനായ ആചാര്യൻ മനസ്സിലാക്കി. എന്നാൽ വിവാഹം ഒരു പ്രത്യേക ദിവസത്തിൽ ഉള്ള മുഹൂർത്തത്തിൽ നടത്തിയാൽ ജാതക ദോഷം മാറിക്കിട്ടും എന്ന് ആചാര്യൻഗണന ക്രിയമൂലം കണ്ടുപിടിക്കുന്നു. ഈ സമയത്തുതന്നെ വിവാഹം നടത്താനുള്ള എല്ലാ ഒരുക്കങ്ങളും അദ്ദേഹംചെയ്തു സമയം കണ്ടുപിടിക്കാൻ ഇന്നത്തെ വാച്ച്, ക്ലോക്ക് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല മണൽക്കുപ്പി ഉപയോഗിച്ചായിരുന്നു സമയം നിശ്ചയിച്ചിരുന്നത്. മണൽ ക്കുപ്പിയിൽ മുകൾഭാഗത്ത് ഘടിപ്പിച്ചിട്ടുള്ള ഒരു പാത്രത്തിൽ നിന്ന് മണൽ ചെറിയ ഒരു ദ്വാരം വഴി ചോർന്നു താഴെയുള്ള പാത്രത്തിൽ വീഴുന്നു .ഒരു നിശ്ചിത ഇടവേളയിൽ ചോർന്ന് വീഴുന്ന മണലിനെ അളവനുസരിച്ചാണ് സമയം കണ്ടുപിടിച്ചിരിക്കുന്നത് വിവാഹത്തിന് തലേദിവസം സ്വന്തം വീട്ടിൽ കൊണ്ടുവന്ന മണൽ കുപ്പിയിൽ മണൽത്തരികൾ ചോർന്ന്

ഇറങ്ങുന്നത് ലീലാവതിയും കൗതുകത്തോടെ നോക്കുകയായിരുന്നു ഈ സമയത്ത് അവളുടെ മൂക്കുത്തിയിലെ ഒരു മുത്ത് കുപ്പിയിലെ മണലിൽ വീഴാൻ ഇടയാകുന്നു .ഇതൊന്നും പാവം കുട്ടി അറിയുന്നില്ല. വിവാഹപൂർവ്വ ദിവസത്തെ അസ്വസ്ഥത ആയിരുന്നു അവളുടെ മനസ്സിൽ. മണൽക്കുപ്പിയിൽ വീണ മുത്ത് സ്വാഭാവികമായി മണൽത്തരികളുടെ വേഗതയെ മന്ദീഭവിപ്പിച്ചു.അങ്ങനെ മണൽക്കുപ്പിയുടെ പ്രവർത്തനം തകരാറിലായി.വിവാഹം നേരത്തെ ജ്യോതിഷ വിധിപ്രകാരം നിശ്ചയിച്ച മുഹൂർത്തത്തിൽ നടന്നില്ല. വിവാഹം കഴിഞ്ഞ് അല്പം നാളുകൾക്കുള്ളിൽത്തന്നെ ലീലാവതി വിധവ ആകുന്നു മകളുടെ തീരാദുഃഖത്തിൽ തളർന്ന ആചാര്യന് ഒന്നേ ചെയ്യാൻ ഉണ്ടായിരുന്നുള്ളൂ. മകൾ ചെറുപ്പമാണ് ഘനീഭൃതമായ ഈ ദുഃഖത്തിൽ നിഷ്ക്രിയരായി ഇരുന്നിട്ട് ഒന്നും നേടാനില്ല. അദ്ദേഹം മകളെ അങ്കഗണിതത്തിലെ പ്രാരംഭപാഠങ്ങൾ പഠിപ്പിച്ചു സ്വന്തം മകളുടെ പേരുകൊണ്ട് അങ്കഗണിതം പ്രതിപാദിക്കുന്ന ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തിന നാമകരണം ചെയ്തു

അനുആനന്ദ്. IX.A


# സ്വർഗച്ചേലിൽ എന്റെ കൊച്ചു ഗ്രാമം

കാണുമ്പോഴുള്ള ഭംഗി പറയണമെങ്കിൽ കുറച്ചേ ഉള്ളൂ എങ്കിലും പറയാനുള്ളത് വളരെയേറെ ഭംഗിയുള്ളതാണ്. ഏതൊരാൾക്കും സ്വന്തം നാട് വളരെയേറെ വില പ്പെട്ടതാണ്. നാടുവിട്ടു പോകുമ്പോഴാണ് നാടിന്റെ ഓർമ്മകൾ നമ്മളിലേക്ക് ഓടിയെത്തുന്നത്. ഇനി എന്റെ നാടിനെ കുറിച്ച് പറയാം .വികസനം ,കൃഷി ,വയലുകൾ ,പക്ഷികൾ ,ക്ഷേത്രം ,പള്ളികൾ തുടങ്ങി എല്ലാം എന്റെ നാട്ടിലുണ്ട് .എടുത്തു പറയാനുള്ളത് ഞങ്ങളുടെ മത സൗഹാർദ്ദം ആണ്. എന്റെ വീട് ഒരു വയലിന്റെ തീരത്താണ് .എന്ത് രസമാണെന്നോ ഞങ്ങളുടെ വയൽ കാണാൻ. ഇളം കാറ്റ് വീശുമ്പോൾ കുളിരു കൊണ്ട് നൃത്തം ചെയ്യുന്ന നെൽക്കതിരുകൾ ആണ് ഇവിടെയുള്ളത് .എന്റെ വീടിനോട് ചേർന്ന് കറുകറുത്ത ആനക്കൂട്ടങ്ങളെ ഓർമിപ്പിക്കുന്ന വിധം കൂറ്റൻ പാറക്കല്ലുകൾ. അതിനു മധ്യത്തിലായി കണ്ണാടിച്ചില്ലുകളാകുന്ന തെളിനീർ അടിത്തട്ടിലെ കുഞ്ഞു മത്സ്യങ്ങളുടെ കിന്നാരം കളിയും കാണാം. മന്ദമാരുതൻ കുളപ്പരപ്പിനെ തലോടുമ്പോൾ ഓളങ്ങൾ ഒന്നിനുപിറകെ ഒന്നായി ചേരുന്നത് കാണാം .വികസനമാണ് ഇന്ന് ഒരു നാടിന്റെ വളർച്ച എങ്കിൽ അത് എന്റെ നാട്ടിലുണ്ട്. ഉയർന്ന വിദ്യാഭ്യാസം എന്റെ നാട്ടിൽ നിന്നും ലഭിക്കുന്നു .എന്റെ നാട്ടിൽ ഏറ്റവും വിസ്മയമായ സ്ഥലം പാലത്താണ് വൈകുന്നേരങ്ങളിൽ അവിടേക്ക് ഒന്നിറങ്ങിയാൽ ആരും ഞെട്ടിപ്പോകും കലപില ശബ്ദം തന്നെ. പിന്നെ എന്റെ നാട്ടിൽ സാംസ്കാരികവേദി കളുടെ എണ്ണം പറയേണ്ട .പിന്നെ ഓണം പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങൾ

വന്നാൽ ഞങ്ങൾ ഗ്രാമീണർ മുഴുവൻ ഒന്നാണ് .ഒരു  ഉത്സവത്തെക്കുറിച്ച് പറയേണ്ട. പറഞ്ഞാലും പറഞ്ഞാലും തീരില്ല ഉത്സ വപറമ്പിൽ നടക്കുന്ന പരിപാടികൾ നാടകം ,ഗാനമേളകൾ തുടങ്ങിയ കലാപരിപാടികൾ, ഇവിടെ അരങ്ങേറുന്നു. ഇതെല്ലാം എന്ത് രസമാണ് ഒരു കൊച്ചു സ്വർഗം തന്നെയാണ് എൻറെ ഗ്രാമം എന്റെ കക്കോടി എന്ന ഗ്രാമം

**ജിയാദ് X-A**

## കൈറ്റ് അംഗങ്ങളുടെ വർണ്ണങ്ങൾ




ആനന്ദ്.ഇ (9.B)

## എസ്. ഐ.ടി.സി.



യു. ശശികുമാർ

കൈറ്റ്മാസ്റ്റർ



മുരളീധരൻ.ടീ.പി.

കൈറ്റ് മിസ്ട്രസ്സ്



വിനീതകുമാരി.എം.

## ലിറ്റിൽകൈറ്റ്സ് ഗ്രൂപ്പ് ഫോട്ടോ.



നന്ദി